പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1086

05/03/2020-ൽ മറുപടിയ്ക്ക്

**പീരുമേട് മണ്ഡലത്തിലെ സർക്കാർ സ്കൂളുകൾ നവീകരിക്കുന്നതിന് ഫണ്ട്**

**ചോദ്യം**

**ശ്രീമതി ഇ.എസ്.ബിജിമോൾ**

**മറുപടി**

**പ്രൊഫ.സി.രവീന്ദ്രനാഥ്**

**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ പൊതുവിദ്യാ്യാ.സ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകൾ നവീകരിക്കുന്നതിന് ഏതെല്ലാം സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ താഴെപറയുന്ന സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. .

**5 കോടി രൂപ**

വണ്ടിപ്പെരിയാർ ഗവ.എച്ച്.എസ്.എസ്

**3 കോടി രൂപ**

കുമിളി ഗവ.വി.എച്ച്.എസ്.എസ്

**1 കോടി രൂപ**

GTUPS കുമിളി

GHS പാമ്പനാർ

GHSS അമരാവതി

GHS ആനക്കര

പഞ്ചായത്ത് HSS ഏലപ്പാറ

(ബി) ഏതെല്ലാം സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുവെന്നും ഓരോ സ്കൂളുകളിലെയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

(ബി) പീരുമേട് നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടിപ്പെരിയാർ ജി.എച്ച്.എസ്.എസ്-ൽ 5 കോടി രൂപയുടേയും ഭൗതിക സാഹചര്യ വികസനത്തിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കുമിളി ജി.വി.എച്ച്.എസ്.എസ്-ൽ 3 കോടി രൂപയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി ധനസഹായത്തോടെ കൈറ്റ് എസ്.പി.വി ആയി

നടത്തുന്നുണ്ട്. വണ്ടിപ്പെരിയാർ ഗവ.എച്ച്. എസ്. എസിന്റെ ഒന്നാം നിലയുടെ പണി 80% ത്തോളം പൂർത്തിയായിട്ടുണ്ട്. കുമിളി ഗവ.വി.എച്ച്. എസ്.എസിന്റെ പണി 67% പൂർത്തിയായി. 1 കോടി കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ നിർമ്മാണപ്രവർത്തനത്തിന്റെ SPV യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. മെയ് മാസത്തോടു കൂടി കുമിളി ജി.വി.എച്ച്.എസ്.എസ് പണി പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

Namitha

**സെക്ഷൻ ഓഫീസർ**